No. CEE/4600/2019/KEAM-2020/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

# KEAM- 2020

## ബി.ഫാം കോഴ്സിലേയ്ക്കുള്ള പ്രവേശനം –2020

## പുതുതായി ഉൾപ്പെടുത്തിയ സ്വാശ്രയ കോളേജുകളിലേയ്ക്കുള്ള പ്രവേശനം സംബന്ധിച്ച്

2020–21 അദ്ധ്യയന വർഷത്തെ ബി.ഫാം കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിനായി താഴെ പറയുന്ന സ്വാശ്രയ ഫാർമസി കോളേജുകൾക്ക് ആരോഗ്യ സർവ്വകലാശാല പുതുതായി അഫിലിയേഷൻ നൽകിയിട്ടുണ്ട്. ആയതു പ്രകാരം ഈ കോളേജുകളിലെ സർക്കാർ സീററുകളിലേക്ക് (50% സീറ്റുകൾ) പ്രവേശന പരീക്ഷാ കമ്മീഷണറുടെ മാർഗനിർദ്ദേശങ്ങൾ പാലിച്ച് പ്രോസ്പെക്ടസിലെ വ്യവസ്ഥകൾ പ്രകാരം അതത് കോളേജുകൾ മുഖേന പ്രവേശനം നടത്തുന്നതാണ്. പുതുതായി അഫിലിയേഷൻ ലഭിച്ച കോളേജുകളിലേക്ക് ബി.ഫാം പ്രവേശനത്തിന് താത്പര്യമുള്ള വിദ്യാർത്ഥികൾക്ക് 12.02.2021 വൈകുന്നേരം 3.00 മണിക്ക് മുമ്പായി അതാത് കോളേജ് തലത്തിൽ പ്രവേശന മാനദണ്ഡങ്ങൾ പാലിച്ച് നടത്തുന്ന അഡ്മിഷനിൽ പങ്കെടുക്കാവുന്നതാണ്. പ്രസ്തുത കോളേജുകളിലെ പ്രവേശനത്തിന് പരിഗണിക്കുന്നതിന് വിദ്യാർത്ഥികൾക്ക് താഴെ പറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കണം.

- പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള ഫാർമസി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരായിരിക്കണം.
- നിലവിൽ എം.ബി.ബി.എസ്/ബി.ഡി.എസ്/ബി.ഫാം/മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പ്രവേശനം നേടാത്തവരായിരിക്കണം.
- കീം–2020 പ്രോസ്പെക്ടസ് ക്ലോസ് 6.2 പ്രകാരം ബി.ഫാം കോഴ്സിലേക്ക് പരിഗണിക്കുന്നതിനുള്ള അക്കാദമിക് യോഗ്യതയുള്ളവരായിരിക്കണം.

| Sl No | Newly Included Self financing Pharmacy colleges | Total Seats | Total Govt. seats |
|---|---|---|---|
| 1 | Cochin College of Engineering & Technology, Valanchery | 100 | 50 |
| 2 | Holy Queen college of Pharmaceutical Sciences & Research, Puthuruthy, Wadakkanchery | 60 | 30 |
| 3 | Kerala Academy of Pharmacy Kandala, Thiruvananthapuram | 60 | 30 |

മേൽ കോളേജുകളിലെ ബി.ഫാം സീറ്റുകളിലേയ്ക്ക് പരിഗണിക്കുന്നതിനായി താത്പര്യമുള്ള വിദ്യാർത്ഥികൾ കീം 2020 പ്രോസ്പെക്ടസ് ക്ലോസ് 11.7.1 ൽ പ്രതിപാദിക്കുന്ന അസ്സൽ രേഖകളുമായി **12.02.2021, വൈകുന്നേരം 3.00** മണിയ്ക്കകം അതാത് കോളേജുകളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. **12.02.2021, വൈകുന്നേരം 3.00** മണി വരെ ഹാജരാകുന്ന വിദ്യാർത്ഥികൾക്ക് മാർഗനിർദ്ദേശപ്രകാരം പ്രോസ്പെക്ടസ് വ്യവസ്ഥകൾ പാലിച്ച് കോളേജധികൃതർ പ്രവേശനം അനുവദിക്കുന്നതാണ്. കാറ്റഗറി സീറ്റുകളിൽ ഒഴിവുകൾ നിലനിൽക്കുന്ന പക്ഷം അവ പ്രോസ്പെക്ടസ് വ്യവസ്ഥകൾ പ്രകാരം അർഹമായ കാറ്റഗറിയായി പരിവർത്തനം ചെയ്ത് മേൽ പറഞ്ഞ തീയതിയ്ക്കകം പ്രവേശനം നടത്തുന്നതാണ്. കോളേജിലെ സീറ്റുകൾ സംബന്ധിച്ച വിശദാംശങ്ങൾ, പ്രവേശനം സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശം എന്നിവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം
08.02.2021

പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി